"കയറ്റിറക്കു ജോലികൾക്ക് ഇഷ്ടമുള്ള ജോലിക്കാരെ ഏർപ്പാടാക്കുന്നതിന് അനുമതി"

67 [1272] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ ഉടമയ്ക്ക് ഇഷ്ടമുള്ള ആളിനെക്കൊണ്ട് ഇറക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ നിലവിലുണ്ടോ ; എങ്കിൽ ഇതിനെ സംബന്ധിച്ചുള്ള എല്ലാ ഉത്തരവുകളും ലഭ്യമാക്കുമോ ;

(ബി) ഇക്കാര്യങ്ങളിൽ തൊഴിലാളികളും ഉടമയുമായി തർക്കം ഉണ്ടാകുന്നപക്ഷം ആർക്കാണ് പരാതി നൽകാനുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) വീട് മാറിപ്പോകുന്ന ആളുകളുടെ വീട്ടുപകരണങ്ങൾ കയറ്റി ഇറക്കുന്നതിന് കൂലി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ; ഇനം തിരിച്ചുള്ള ചാർജ്ജും വെളിപ്പെടുത്താമോ ;

(ഡി) ഗൃഹ ഉപകരണങ്ങൾ വീട്ടുടമയ്ക്ക് ഇഷ്ടമുള്ള ആളിനെക്കൊണ്ട് കയറ്റി ഇറക്കുവാൻ ഏതെല്ലാം ഉത്തരവുകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ; അവയുടെ കോപ്പി ലഭ്യമാക്കുമോ ;

(ഇ) ഗൃഹ ഉപകരണങ്ങൾ സ്വന്തമായോ, ഇഷ്ടമുള്ള ആളിനെക്കൊണ്ടോ കയറ്റി ഇറക്കുന്നതിന് അനുമതി ഇല്ലെങ്കിൽ ആയതിന് അനുമതി നൽകി ഉത്തരവാകുമോ ?

ഉത്തരം

(എ) 2002-ലെ കേരള കയറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും, നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) നിയമത്തിലെ 4-ാം വകുപ്പ് പ്രകാരം ഗാർഹികാവശ്യങ്ങൾക്കുവേണ്ടി സ്വന്തമായോ അല്ലെങ്കിൽ അയാളുടെ ഇഷ്ടമനുസരിച്ചോ തൊഴിലാളികളെ നിയോഗിച്ച് ജോലി ചെയ്യിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി നിയമത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട് †.

(ബി) ബന്ധപ്പെട്ട രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കാണ് പരാതി നൽകേണ്ടത്. തർക്കം കൂലി സംബന്ധിച്ചാണെങ്കിൽ 2002-ലെ കേരള കയറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും നിയമവിരുദ്ധപ്രവർത്തനങ്ങൾ നിയന്ത്രിക്കലും) നിയമമനുസരിച്ച് നേരിട്ട് ബന്ധപ്പെട്ട ഡെപ്യൂട്ടി ലേബർ ആഫീസർക്ക് പരാതി നൽകാവുന്നതാണ്.

(സി) കേരള കയറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) നിയമത്തിന്റെ 8-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം സംസ്ഥാനം ഒട്ടാകെ ഉള്ള പ്രദേശങ്ങളിലേക്ക് കൂലി നിശ്ചയിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ തർക്കമുണ്ടാകുന്ന അവസ്ഥയിൽ അതാതു പ്രദേശത്ത് ബാധകമാക്കാൻ പറ്റുന്ന തരത്തിലുള്ള കൂലിനിരക്ക് ഉത്തരവ് രൂപത്തിൽ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ ആഫീസർമാർ നിശ്ചയിച്ചുനൽകുന്നുണ്ട്. ഇതിൻമേൽ തർക്കം ഉണ്ടായാൽ ജില്ലാ ലേബർ ഓഫീസർ മുൻപാകെ അപ്പീൽ നൽകുന്നതിനും വ്യവസ്ഥയുണ്ട്.

(ഡി) ചോദ്യം 'എ' പിരിവിനുള്ള ഉത്തരം ഇവിടെയും ബാധകമാണ്.

(ഇ) ചോദ്യം 'എ' പിരിവിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

"പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ നടപടി"

68 [1273] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു ; അവ ഏതൊക്കെ ജില്ലകളിൽ ;

(ബി) ഏതൊക്കെ കോഴ്സുകളെയാണ് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കാറുള്ളത് ; ഇത്തരത്തിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കാമോ ; ഇതിൽ ഡോക്ടർമാർ, എഞ്ചിനീയർമാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, എം.സി.എ., എം.ബി.എ. തുടങ്ങിയവർ ഓരോ ജില്ലയിലും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രൊഫഷണൽ കോഴ്സ് പാസ്സാകുന്നവരുടെ സൗകര്യത്തിനായി എല്ലാ ജില്ലകളിലും പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 3 പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു. അവ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ്.

(ബി) താഴെപ്പറയുന്ന കോഴ്സുകളിലാണ് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുവാൻ അനുവദിച്ചിട്ടുള്ളത്.

1. പ്രൊഫഷണൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ള എല്ലാ കോഴ്സുകൾ.
2. സെക്കന്റ് ക്ലാസ്സോ അതിൽ ഉയർന്നതോ ആയ പ്രൊഫഷണൽ അല്ലാത്ത ബിരുദാനന്തര ബിരുദങ്ങൾ.
3. പോസ്റ്റ് ഗ്രാജുവേറ്റ്. ഡിപ്ലോമ. രജിസ്റ്റർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള എണ്ണം † അനുബന്ധമായി ചേർത്തിരിക്കുന്നു.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly